24047131

QP CODE: 24047131

Reg No : .....

Name : .....

UNDER GRADUATE (CBCS) IMPROVEMENT/REAPPEARANCE/MERCY CHANCE EXAMINATIONS, DECEMBER 2024

First Semester

Common Course - ML1CCT07 - MALAYALAM-KADHA NOVEL

(Common for all B.A/B.sc Model II Programmes- 2021 Admission Onwards) For all B.A Model II Programmes 2017 - 2020 Admissions)

D00F8464

Time: 3 Hours

Max. Marks : 80

Part A

*Answer any **ten** questions.*

*Each question carries **2** marks.*

1. "എന്തൊരളിമ എന്തൊരു തേജസ്സ്, ഇടത്തെ കൈ അറിയില്ല,വലത്തേ കയ്യിന്റെ ദാനധർമങ്ങൾ"',സന്ദർഭം വിശദമാക്കുക
2. എത്രോയോക്കെ കാലുപിടിച്ചുപറഞ്ഞിട്ടും പാപ്പച്ചി ആയ നിർദേശത്തിന് വഴങ്ങാൻ കൂട്ടആക്കിയില്ല ,എന്തായിരുന്നു നിർദേശം?
3. "'അല്ലെങ്കിൽ ഭാര്യ 'അമ്മ ,അനിയത്തി,ഏട്ടത്തി "..... പിറുപിറുത്തു, സന്ദർഭം ഏത്?
4. ഓർത്തിരിക്കാതെ ഉയര ത്തിൽ നിന്നും ഒരു ജലപാതം കുത്തിയൊഴുകി അയാളുടെ മനസ് നിറഞ്ഞു .കാരണമെന്ത്?
5. സരള താമസിച്ചിരുന്ന കെട്ടിടത്തിൽ ആരും ആ വശത്തേക്കുള്ള ജനലുകൾ തുറന്നിട്ടിരുന്നില്ല കാരണമെന്ത് ?
6. ""ചേട്ടന്റെ മുഖം വിളറിയിട്ടുണ്ടെന്നു എനിക്ക് തോന്നി .എന്റെ മുഖവും വിളറിയിട്ടുണ്ടായിരുന്നോ എന്തോ "" ! സന്ദർഭമെന്ത് ?
7. ഭൂത ,ഭാവി, വർത്തമാനങ്ങളില്ലാത്ത സമയത്തിന്റെ സീറോ അവസ്ഥ.സീറോ അവസ്ഥ എന്തായിരുന്നു?
8. പ്രണയാതുരമായ ഒരു നവീനനാശത്തെ ഒരിക്കലും പ്രയോഗികമാക്കാനാവാതെ ഉപേക്ഷിക്കേണ്ടിവന്നപ്പോഴാണ് മരണംപോലെ വേദനാജനകമാണതെന്ന് എനിക്ക് ബോധ്യപ്പെട്ടത് -സന്ദർഭമേത്?

9. ഉത്തരാധുനിക ചെറുകഥകളിൽ പ്രമുഖർ ആരെല്ലാം?

10. ശരീരമാണ് പെണ്ണുങ്ങളെ ചരക്കാണ്,ഉരുപ്പിടിയായും മാറ്റുന്നത് എന്നെനിക്ക് പെട്ടെന്ന് വെളിപാടുകിട്ടി.കാരണമെന്ത് ?

11. എടാ മോനെ ചെമ്മീൻ കണ്ടോ !അമ്മച്ചിയുടെ ചെമ്മീൻ കണ്ടോ .....ആരുടേതാണ് ഈ സംഭാഷണം ?

12. ""ഭക്തിയും വിശ്വാസവുമുള്ള എന്തിനെക്കൊണ്ടെങ്കിലും സത്യം ചെയ്യൂ ! സന്ദർഭമേത്?

(10×2=20)

Part B

*Answer any **six** questions.*

*Each question carries **5** marks.*

13. "ഓ ,ആ മനോഹാരിതയും,മാധുര്യവും,കറുത്ത് പരുത്ത തുണികൊണ്ട് മൂടിയ ഈ തലക്കകത്തു മരിച്ചുകിടക്കുകയാണ്". വ്യഗ്യം എന്ത്?

14. ""മിസ്റ്റർ മസ്ക്രീനാസ് ,നിങ്ങൾ എന്നിൽ ജീവിക്കൂ ,അല്ലെങ്കിൽ ആ കുട്ടികൾ അനാഥരായിപ്പോകും"" ആരാണ് ഇങ്ങനെ വിലപിക്കുന്നത് ?എന്തുകൊണ്ട്?

15. പാപ്പച്ചിയുടെ മരണാന്തരം പാപ്പച്ചിപ്പാലവും പാപ്പച്ചിമുക്കുകവലയും അതെ പേരിൽ തുടരാൻ കാരണമെന്ത്?വിശദമാക്കുക

16. സംസ്കാരസമ്പന്നയായ സരളയുടെ ഭർത്താവ് കഥയുടെ അന്ത്യത്തിൽ ചഞ്ചലചിത്തനായ കാമുകനായി മാറുന്നു .ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ?വിശദീകരണം നൽകുക.

17. ഹോസ്പിറ്റലിൽനിന്നു മടങ്ങുന്നതോടുകൂടി നമ്മൾ ആ കഥയെ മറന്നു പോകുമത്രേ. ഈ വാക്യങ്ങളിലെ അന്തസത്ത കഥയിൽ സ്വാധീനിച്ചിച്ചുണ്ട് .വിശദമാക്കുക

18. ""ഇതുവരെത്തെ കണക്കൊക്കെ നിനക്കോർമ്മണ്ടല്ലോ ?ഇത് നിനക്ക് വേണ്ടീട്ടുള്ള എന്റെ അവസാനത്തെ ചെലവായിരിക്കും"" .സന്ദർഭമെഴുതി വിശദീകരിക്കുക

19. നീറുന്ന വായനാനുഭവവും പകരുന്ന രചനാകൗശലവുമാണ് പ്രിയ എ.എസ്നെ കഥകൾ .ജാഗരൂക എന്ന കഥയെ മുന്നിർത്തി വിശദീകരിക്കുക

20. അപ്പച്ചൻ ചിറ്റമ്മയെ വിവാഹം ചെയ്യുന്നതിനുമുമ്പ് സ്വഭാവം എങ്ങനെ ഇരുന്നു ?-സാറാമ്മയുടെ കുടുംബ സാഹചര്യങ്ങൾ ഈ വരികളിലൂടെ എപ്രകാരം വെളിവാകുന്നു ?

21. "കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ആളുടെ കൂടെയുള്ള ദാമ്പത്യജീവിതത്തിലെ സുഖം ഓർത്തല്ല ,നരകത്തിൽനിന്നു രക്ഷ കിട്ടുമല്ലോഎന്ന് കരുതി"ആർക്കു ? വ്യംഗ്യം എന്ത് ?

(6×5=30)

Part C

*Answer any **two** questions.*

*Each question carries **15** marks.*

22. നാടകീയ മുഹൂർത്തങ്ങൾ നിറഞ്ഞതാണ് ഖാദറിന്റെ കഥകളുടെ ഇതിവൃത്തങ്ങൾ ചാത്തുകുട്ടിയുടെ അമ്മയെന്ന കഥയെ മുൻനിർത്തി പരിശോധിക്കുക ?

23. നവോത്ഥാന കാല ചെറുകഥകളെ കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

24. അശോകൻ ചെരുവിലിന്റെ കഥകളുടെ ആഖ്യാനസവിശേഷത യുദ്ധാനന്തരവംശങ്ങൾ മുൻനിർത്തി പരിശോധിക്കുക.

25. രണ്ടേ രണ്ടു കഥാപാത്രങ്ങളെ ഉപയോഗിച്ച് വളരെ സൂഷ്മമായി എഴുതപെട്ട നോവലാണ് പ്രേമലേഖനം -നിരൂപിക്കുക.

(2×15=30)